**1999 ലെ 20-ാം ആക്ട്**

**1999-ലെ കേരള റവന്യൂ കാർഡ് ആക്ട്***

സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മററു
സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കററുകൾക്ക്
പകരമായ ആധികാരിക രേഖ എന്ന നിലയിൽ ഓരോ
കുടുംബത്തിലും ഉള്ള അംഗങ്ങൾക്ക് ഉപയോഗിക്കാൻ
സാധിക്കത്തക്ക വിധത്തിൽ എല്ലാ കുടുംബങ്ങൾക്കും റവന്യൂ
കാർഡ് നൽകുന്നതിനും അതുമായി ബന്ധ
പ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ
കാര്യങ്ങൾക്കുവേണ്ടിയും വ്യവസ്ഥ
ചെയ്യുന്നതിനുള്ള
ഒരു
ആക്ററ്

പീഠിക.— കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും നേടുന്നതിന് ഓരോ കുടുംബത്തിലും ഉള്ള അംഗങ്ങൾക്ക് സാധിക്കത്തക്ക വിധത്തിൽ അത്തരം ഓരോ കുടുംബത്തിനും റവന്യൂ കാർഡ് നൽകുന്നതിനും, സർക്കാർ വകുപ്പുകൾ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയും സർക്കാരിന്റെ മററു സ്ഥാപനങ്ങളും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കു പകരമായ ഒരു ആധികാരിക രേഖ എന്ന നിലയിൽ അത് ഉപയോഗിക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.— (1) ഈ ആക്ററിന് 1999-ലെ കേരള റവന്യൂ കാർഡ് ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനമൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ, ഗസ്ററു വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ, വിവിധ പ്രദേശങ്ങൾക്കും ഈ ആക്റ്റിലെ വിവിധ വ്യവസ്ഥകൾക്കും വിവിധ തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്ററിന്റെ പ്രാരംഭത്തെ സംബന്ധിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതു പരാമർശവും ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നതു സംബന്ധിച്ച ഒരു പരാമർശമായി കണക്കാക്കേണ്ടതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) 'കൈമാററം' എന്നതിൽ വിൽപ്പന, പണയം, ദാനം, ധനനിശ്ചയം, പാട്ടം, ചൂണ്ടിപ്പണയം, ഭാഗഉടമ്പടി എന്നിവയോ ഒരു മരണശാസനത്തിനു കീഴിലുള്ള ഒസ്യത്തോ മുഖാന്തിരമുള്ള വസ്തു കൈമാററം എന്നിവ ഉൾപ്പെടുന്നു;

*1999 മേയ് 3-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 893--ാം നമ്പർ കേരള അസാധാരണ ഗസററായി 1999 മേയ് 5-ാം തീയതി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) 'അടിസ്ഥാന നികുതി' എന്നാൽ 1961-ലെ കേരള ഭൂനികുതി ആക്ററിലെ (1961-ലെ 13) വ്യവസ്ഥകൾക്കു കീഴിൽ ചുമത്തപ്പെട്ട നികുതി എന്നർത്ഥമാകുന്നു;

(സി) 'കളക്ടർ' എന്നാൽ അതത് പ്രദേശത്തിൻമേൽ അധികാരിതയുള്ള ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(ഡി) 'കുടുംബം' എന്നാൽ ഭാര്യയും ഭർത്താവും അവരോടൊപ്പം അവരെ ആശ്രയിച്ചും താമസിക്കുന്ന അവരുടെ മാതാപിതാക്കളും കുട്ടികളും എന്നർത്ഥമാകുന്നു;

(ഇ) "ധനസഹായം' എന്നാൽ ഏതെങ്കിലും ആവശ്യങ്ങൾക്കായി വായ്പകൾ, അഡ്വാൻസുകൾ, ഗ്യാരണ്ടികൾ എന്നിവ വഴിയായോ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന മററു തരത്തിലോ ഉള്ള ഏത് ആവശ്യങ്ങൾക്കുമുള്ള സഹായം എന്നർത്ഥമാകുന്നു;

(എഫ്) ' സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജി) 'സർക്കാർഭൂമി ' എന്നാൽ ഉടമാവകാശം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നു;

(എച്ച്) 'ഭൂമി' എന്നാൽ സർക്കാർ ഭൂമിയെന്നോ രജിസ്ററർ ചെയ്ത ഭൂമിയെന്നോ അർത്ഥമാകുന്നു;

(ഐ) 'വസ്തു കൈവശക്കാരൻ' എന്നാൽ, —

(i) 1963-ലെ കേരള ഭൂപരിഷ്ക്കരണ ആക്ററിൽ (1964-ലെ 1) നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള കൃഷി ചെയ്യുന്ന കുടികിടപ്പുകാരൻ കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം , അപ്രകാരം കൃഷി ചെയ്യുന്ന കുടികിടപ്പുകാരൻ എന്നും;

(ii) സർവേ ചെയ്യിട്ടില്ലാത്തതും (i)-ാം ഉപഖണ്ഡത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള കൃഷിചെയ്യുന്ന കുടി കിടപ്പുകാരന്റെ കൈവശത്തിലല്ലാത്തതുമായ ഭൂമിയെ സംബന്ധിച്ചിടത്തോളം അപ്രകാര മുള്ള ഭൂമിയുടെ ഉടമ എന്നും;

(iii) മററ് ഏതെങ്കിലും ഭൂമിയെ സംബന്ധിച്ചിടത്തോളം തത്സമയം അത്തരം ഭൂമി രജിസ്ററർ ചെയ്ത് കൈവശം വച്ചിരിക്കുന്ന ആൾ എന്നും, അതിൽ അയാളുടെ നിയമാനുസൃത പ്രതിനിധികളും തീറുകാരനും തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനു കീഴിൽ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് ഭൂനികുതി നൽകാൻ ബാദ്ധ്യസ്ഥനായ ഏതൊരാളും ഉടപ്പെടുന്നതാണെന്നും;

അർത്ഥമാകുന്നു;

(ജെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ററിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) 'ഏതെങ്കിലും ഭൂമിയുടെ രജിസ്ററർ ചെയ്ത കൈവശക്കാരൻ' എന്നാൽ വില്ലേജിലെ സർക്കാർ കണക്കിൽ ആരുടെ പേരിലാണോ ആ ഭൂമി രജിസ്ററർ ചെയ്തിരിക്കുന്നത് ആ ആൾ എന്നർത്ഥമാകുന്നു;

വിശദീകരണം 1.—രജിസ്ററർ ചെയ്ത കൈവശക്കാരന്റെ ഏജന്റോ ഭൃത്യനോ എന്ന നിലയിലോ അല്ലെങ്കിൽ പണയക്കാരൻ എന്ന നിലയിലോ അല്ലാതെ രജിസ്ററർ ചെയ്ത കൈവശക്കാരൻ അല്ലാത്ത ഏതെങ്കിലും ഒരാൾ ഒരു ഭൂമിയുടെ നിയമാനുസൃത നടത്തിപ്പുകാരനായിരിക്കുമ്പോൾ, ആ ഭൂമിയെ സംബന്ധിച്ചിടത്തോളം ആ ആളെ രജിസ്ററർ ചെയ്ത കൈവശക്കാരനായി കരുതുന്നതാണ്;

വിശദീകരണം 2.— ഒരു ഭൂമി രണ്ടോ അതിൽ കൂടുതലോ ആളുകളുടെ പേരിൽ കൂട്ടായി അപ്രകാരം രജിസ്ററർ ചെയ്തിട്ടുണ്ടെങ്കിൽ ഭൂമിയുടെ നടത്തിപ്പുകാരനായി മററു കൂട്ടുകൈവശക്കാരനോ കൂട്ടുകൈവശ

ക്കാരോ അംഗീകരിച്ചിട്ടുള്ള ആളോ, തർക്കമുള്ള സംഗതിയിൽ, പ്രധാന കൂട്ടുകൈവശക്കാരനായി കളക്ടർ അംഗീകരിച്ച ആളോ, ഈ ആക്ററിന്റെ ആവശ്യത്തിലേക്കായി , രജിസ്ററർ ചെയ്ത കൈവശക്കാരൻ ആയിരിക്കുന്നതാണ്;

(എൽ) ' രജിസ്ററർ ചെയ്ത ഭൂമി ' എന്നാൽ വസ്തുവിന്റെ അവകാശം സർക്കാരിലോ തദ്ദേശ സ്ഥാപനങ്ങളിലോ നിക്ഷിപ്തമാകാത്ത ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നു;

(എം) 'റവന്യൂകാർഡുകളുടെ രജിസ്ററർ' എന്നാൽ 3-ാം വകുപ്പിൻകീഴിൽ വച്ചുപോരുന്ന റവന്യൂകാർ ഡുകളുടെ രജിസ്ററർ എന്നർത്ഥമാകുന്നു;

(എൻ) 'രജിസ്ററർ ചെയ്യുന്ന അധികാരസ്ഥൻ ' എന്നാൽ 1908-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററിൻ (1908-ലെ 16-ാം കേന്ദ്ര ആക്ററ് ) കീഴിൽ നിയമിക്കപ്പെട്ട രജിസ്ററർ ചെയ്യുന്ന ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഒ) 'തഹസീൽദാർ' എന്നാൽ ആ പ്രദേശത്തിനുമേൽ അധികാരിതയുള്ള താലൂക്കിന്റെ തഹസീൽദാർ എന്നർത്ഥമാകുന്നു;

3. <u>റവന്യൂ കാർഡുകളുടെ രജിസ്ററർ.</u>—(1) ഈ ആക്ററ് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ആകാവുന്നത്ര വേഗം, ഓരോ തഹസീൽദാരും ഓരോ വില്ലേജിനുവേണ്ടിയും, നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള ഫാറത്തിൽ റവന്യൂ കാർഡുകളുടെ ഒരു രജിസ്ററർ ഉണ്ടാക്കി താലൂക്ക് ആഫീസിൽ സൂക്ഷിക്കേണ്ടതാണ്.

(2) അപ്രകാരമുള്ള ഓരാ രജിസ്റററിലും ഇനിപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പുപ്രകാരം ആരുടെ പേരിലാണോ റവന്യൂ കാർഡ് നൽകപ്പെട്ടിരിക്കുന്നത് ആ വ്യക് തിയെപ്പററിയുള്ള നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ; ഏ

(ബി) ഓരോ റവന്യൂ കാർഡിലും ഉൾക്കൊള്ളിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം, അവരുടെ ബന്ധം, പൂർണ്ണമായ പേരുകൾ, ഓരോ അംഗത്തിന്റെയും ജനനത്തീയതി , ജനനസ്ഥലം, ഓരോ അംഗവും വിവാഹിതനോ അല്ലയോ എന്ന്, വിധവയാണോ, വിധവയാണെങ്കിൽ യുദ്ധത്തിൽ മരണമടഞ്ഞ ജവാന്റെ വിധവയാണോ, വിവാഹബന്ധം വേർപെടുത്തിയ ആളാണോ , വിദേശത്ത് ജോലിചെയ്യുന്ന ആളാണോ, ജവാനോ വിമുക്ത ഭടനോ ആണോ, സ്വാതന്ത്ര്യസമരസേനാനി (കേന്ദ്ര/സംസ്ഥാന സർക്കാർ പെൻഷൻ ലഭിക്കുന്ന വ്യക്തിയാണോ) എന്നീ വിവരങ്ങളും, ഓരോ അംഗത്തിന്റെയും തൊഴിലും വാർഷികവരുമാനവും, കുടുംബത്തിന്റെ വാർഷിക വരുമാനം, അംഗങ്ങളുടെ വാസസ്ഥലത്തെയും തൊഴിൽ സ്ഥലത്തേയും മേൽവിലാസം, സമുദായം, ജാതി, മതം എന്നിവ;

(സി) കുടുംബത്തിൽ സൈനികസേവനം അനുഷ്ഠിക്കുന്നവരോ, വികലാംഗരോ, ബുദ്ധിമാന്ദ്യം സംഭവിച്ചവരോ ഉണ്ടെങ്കിൽ അവരുടെ വിവരങ്ങൾ;

(ഡി) അയാളുടെ പേര് രജിസ്റററിൽ ചേർത്ത തീയതി;

(ഇ) ഓരോ അംഗത്തിന്റെയും കൈവശത്തിലോ ഉടമസ്ഥതയിലോ ഉള്ള ഭൂമിയുടെയും കെട്ടിടത്തിന്റെയും വിശദവിവരങ്ങൾ;

(എഫ്) ഓരോ അംഗത്തിന്റെയും കൈവശത്തിലുള്ള രജിസ്റ്റർ ചെയ്ത ഭൂമിയുടെ വിശദവിവരങ്ങൾ;

(ജി) കിട്ടിയിട്ടുള്ള ധനസഹായത്തിന്റെ വിശദവിവരങ്ങൾ;

(എച്ച്) അതുവരെ ഉള്ള ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ;

(ഐ) സാമൂഹ്യരക്ഷാ പദ്ധതികളുടെയോ പെൻഷൻപദ്ധതികളുടെയോ കീഴിൽ കിട്ടിയിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ;

(ജെ) നിർണ്ണയിക്കപ്പെടാവുന്ന മറേറതെങ്കിലും വിവരങ്ങൾ.

(3) ഇത് ഒരു സ്ഥിര രജിസ്ററായിരിക്കുന്നതും, ഈ രജിസ്ററിലെ ഉൾക്കുറിപ്പുകൾ ചേർക്കുന്നതും, തെററുതിരുത്തുന്നതും, പരിഷ്ക്കരിക്കുന്നതും, മാററം വരുത്തുന്നതുമെല്ലാം ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി മാത്രം ആയിരിക്കേണ്ടതുമാണ്.

4. റവന്യൂ കാർഡുകൾ നൽകൽ.— ( 1) റവന്യൂ കാർഡുകൾ നൽകുന്നതിനുള്ള യൂണിററ് ഒരു വില്ലേജ് ആയിരിക്കുന്നതാണ്.

(2) റവന്യൂ കാർഡ് രജിസ്ററർ തയ്യാറാക്കുന്നതിനോ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനോ വേണ്ടിയും ഓരോ കുടുംബത്തിനും കുടുംബത്തിൽപെടാത്ത ഏതെങ്കിലും വ്യക്തികളുണ്ടെങ്കിൽ അപ്രകാരമുള്ള വ്യക്തിക്കും റവന്യൂ കാർഡ് നൽകുന്നതിനുവേണ്ടിയും ആ പ്രദേശത്തെ താമസക്കാരെയും ഭൂമിയുടെ രജിസ്ററർ ചെയ്ത കൈവശക്കാരെയും അറിയിച്ചുകൊണ്ട് ഓരോ വില്ലേജാഫീസിലും ഓരോ കോർപ്പറേഷൻ /മുനിസിപ്പാലിറ്റി /ഗ്രാമപഞ്ചായത്ത് ആഫീസുകളിലും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ഒരു നോട്ടീസ് തഹസീൽദാർ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) നൽകേണ്ട വിശദവിവരങ്ങളെപ്പററിയും മററ് റിക്കാർഡുകളെക്കുറിച്ചും, ഉള്ള വിവരങ്ങളും മററ് റിക്കാർഡുകളും ഏത് സമയത്തിനകത്തും ഏത് സ്ഥലത്തും നൽകണമെന്നും റവന്യൂ കാർഡ് കിട്ടുന്നതിനുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടതെന്നതിനെക്കുറിച്ചും നോട്ടീസിൽ പറയേണ്ടതാണ്.

(4) വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞ് യുക്തമായ അന്വേഷണത്തിനു ശേഷം ആകാവുന്നത്ര വേഗത്തിൽ തഹസീൽദാർ അദ്ദേഹത്തിന്റെ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള റവന്യൂ കാർഡ് രജിസ്ററിൽ ആവശ്യമുള്ള ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്.

(5) ഓരോ റവന്യൂ കാർഡിനും പതിനഞ്ച് രൂപ നിരക്കിൽ ഫീസ് ഈടാക്കിക്കൊണ്ട് തഹസീൽദാരുടെ കൈയൊപ്പും മുദ്രയും വച്ച് റവന്യൂ കാർഡ് നൽകേണ്ടതാണ് :

എന്നാൽ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന റവന്യൂ കാർഡിന് ഫീസ് ഈടാക്കാൻ പാടുള്ളതല്ല.

5. ഡ്യൂപ്ലിക്കേറ്റ് റവന്യൂ കർഡ് നൽകൽ.—ഒരു റവന്യൂ കാർഡ് തിരിച്ചുകിട്ടാനാവാത്തവിധം നഷ്ടമാകുകയോ, നശിച്ചുപോകുകയോ, കേട് വരികയോ, വിരൂപമായിരിക്കുകയോ, ഉപയോഗശൂന്യമായി തീരുകയോ ചെയ്യുമ്പോൾ, തഹസീൽദാർ ഒരു അപേക്ഷയിൻമേൽ, അദ്ദേഹം യുക്തമെന്ന് കരുതുന്ന രീതിയിലുള്ള അന്വേഷണങ്ങൾ നടത്തിയശേഷം ഒരു ഡ്യൂപ്ലിക്കേററ് റവന്യൂ കാർഡ് അപേക്ഷകന് നൽകാവുന്നതാണ് .

6. പുതിയ കാർഡ് നൽകൽ.—ഏതെങ്കിലും റവന്യൂ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഒരംഗം കുടുംബം വിഭജിക്കപ്പെട്ടുവെന്നോ അല്ലെങ്കിൽ വിവാഹിതനായി മാറി താമസിക്കുകയാണെന്നോ ഉള്ള കാരണത്താൽ, ഈ ആവശ്യത്തിനു വേണ്ടി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും രീതിയിലും ആവശ്യപ്പെട്ടാൽ റവന്യൂ കർഡുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിച്ചു കൊണ്ട് പുതിയ കാർഡ് നൽകേണ്ടതും അതനുസരിച്ചുള്ള മാററങ്ങൾ റവന്യൂ കാർഡ് രജിസ്ററിലും ബന്ധപ്പെട്ട മററു കാർഡുകളിലും വരുത്തേണ്ടതുമാണ് .

7. റവന്യൂ കാർഡിൽ ഭൂമിയുടെ രജിസ്ട്രേഷൻ, കൈമാററം എന്നിവയുമായി ബന്ധപ്പെട്ട് വിശദവിവരങ്ങൾ ചേർക്കൽ.—(1) ഒരു വില്പന രജിസ്ററർ ചെയ്യുമ്പോഴോ അഥവാ വില്പന, ദാനം, പണയം, പാട്ടം, പരസ്പര കൈമാററം, ഭാഗഉടമ്പടി അല്ലെങ്കിൽ ധനനിശ്ചയം എന്നിവ ഉൾപ്പെടെ ഭൂമിയിൻമേലുള്ള ഏതെങ്കിലും അവകാശ കൈമാററം ചെയ്യുമ്പോഴോ, അങ്ങനെയുള്ള ഭൂമിയെ സംബന്ധിച്ച് റവന്യൂ കാർഡ്

നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റവന്യൂ കാർഡുംകൂടി തന്റെ മുമ്പാകെ ഹാജരാക്കാൻ രജിസ്ററർ ചെയ്യുന്ന അധികാരസ്ഥൻ ആവശ്യപ്പെടേണ്ടതാണ്.

(2) തഹസീൽദാർ, രജിസ്ററർ ചെയ്യുന്ന അധികാരസ്ഥൻ റവന്യൂ കാർഡിൽ വരുത്തിയ ഉൾക്കുറിപ്പുകളുടെ ഒരു പകർപ്പ് കിട്ടിയാൽ, ആ ആവശ്യത്തിലേക്ക് സൂക്ഷിച്ചിട്ടുള്ള റവന്യൂ കാർഡുകളുടെ രജിസ്റററിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനകം ഫീസ് വാങ്ങിക്കൊണ്ടും ആവശ്യമാണെങ്കിൽ സബ്ഡിവിഷനുശേഷം ഒരു പുതിയ റവന്യൂ കാർഡ് നൽകേണ്ടതുമാണ്.

8. <u>അവകാശങ്ങൾ ആർജ്ജിക്കുന്നത് അറിയിക്കണമെന്ന്.</u>— പിന്തുടർച്ച, സർവൈവർഷിപ്പ്, ദായഭാഗം, വിലയ്ക്കുവാങ്ങൽ എന്നിവയാലോ മററു വിധത്തിലോ, അല്ലെങ്കിൽ ഒരു കോടതിയുടെ ഡിക്രിയോ ഉത്തരവോ അല്ലെങ്കിൽ സർക്കാരിന്റെയോ മററു അധികാരസ്ഥാനത്തിന്റെ ഒരു ഉത്തരവ് വഴിയോ ഏതെങ്കിലും ആൾ ഏതെങ്കിലും ഭൂമിയിലോ ഭൂമിയിൻമേലോ ഉടമസ്ഥനെന്ന നിലയിൽ ഏതെങ്കിലും അവകാശം ആർജ്ജിക്കുകയാണെങ്കിൽ, അങ്ങനെയുള്ള അവകാശം ആർജ്ജിച്ചത് രേഖാമൂലം വില്ലേജ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. അപ്രകാരം ആർജ്ജിക്കുന്ന തീയതി മുതൽ ഒരു മാസത്തിനകത്തോ അഥവാ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനകത്തോ റിപ്പോർട്ട് ചെയ്യേണ്ടതും റിപ്പോർട്ട് കിട്ടിയാൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്യുന്ന ആളിന് ഒരു കൈപ്പററ് രസീത് നൽകേണ്ടതും ഒരാഴ്ചയ്ക്കകം വിവരം തഹസീൽദാരെ രേഖാമൂലം അറിയിക്കേണ്ടതും തഹസീൽദാർ അപ്രകാരമുള്ള അറിയിപ്പു കിട്ടിയാൽ ഒരു മാസത്തിനകം ബന്ധപ്പെട്ട റവന്യൂ കാർഡ് രജിസ്റററിൽ വേണ്ട മാററം വരുത്തേണ്ടതുമാണ്:

എന്നാൽ, അവകാശം ആർജ്ജിക്കുന്ന ആൾ ഒരു മൈനറോ അല്ലെങ്കിൽ മറെറന്തെങ്കിലും വിധത്തിൽ അയോഗ്യനോ ആയിരിക്കുന്നപക്ഷം, അയാളുടെ രക്ഷിതാവോ അല്ലെങ്കിൽ അയാളുടെ സ്വത്തുക്കളുടെ ചുമതലയുള്ള മററ് ആളോ വില്ലേജ് ആഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എന്നുമാത്രമല്ല, രജിസ്ററർ ചെയ്ത ഒരു ആധാരം ഹേതുവായി അവകാശം ആർജ്ജിക്കുന്ന ഏതൊരാളെയും വില്ലേജ് ആഫീസർക്ക് റിപ്പോർട്ട് ചെയ്യാനുള്ള ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്.

<u>വിശദീകരണം.</u>—ഏതൊരാളിന് അനുകൂലമായിട്ടാണോ ഒരു പണയം ഒഴിപ്പിക്കപ്പെടുന്നത് അല്ലെങ്കിൽ അവസാനിക്കപ്പെടുന്നത് ആ ആളും ഈ വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരവകാശം ആർജ്ജിക്കുന്നതാണ്. ഈ വകുപ്പിൻകീഴിൽ ഒരു റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, തഹസീൽദാർ താൻ സൂക്ഷിക്കുന്ന റവന്യൂ കാർഡുകളുടെ രജിസ്റററിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതും, കൂടാതെ 4-ാം വകുപ്പ് പ്രകാരം നൽകിയ റവന്യൂ കാർഡിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതും, അല്ലെങ്കിൽ ആവശ്യമാണെങ്കിൽ, സബ്ഡിവിഷനുശേഷം ഒരു പുതിയ റവന്യൂ കാർഡ് നൽകേണ്ടതും ആണ്:

എന്നാൽ, ഈ വകുപ്പിൻകീഴിൽ പുതിയ റവന്യൂ കാർഡ് നൽകുന്നതിനു വേണ്ടി അപ്രകാരമുള്ള ഏതെങ്കിലും മാററം വരുത്തുന്നതിന് മുമ്പ്, തഹസീൽദാർ അദ്ദേഹത്തിന് യുക്തമെന്ന് തോന്നാവുന്ന ആവശ്യമായ അന്വേഷണങ്ങൾ നടത്തേണ്ടതാണ്.

9. <u>മററ് അവകാശ ആനുകൂല്യങ്ങൾ ചേർക്കേണ്ടതാണെന്ന്.</u>— വിവിധ തരം സർട്ടിഫിക്കററുകൾക്ക് പകരം റവന്യൂ കാർഡ് രജിസ്റററിന്റെ പ്രസക്ത പേജിന്റെ പകർപ്പ് വിവിധ ഏജൻസികൾ സ്വീകരിക്കുന്നത് സഹായകമാക്കുവാൻവേണ്ടി പ്രകൃതിക്ഷോഭ ദുരിതാശ്വാസങ്ങൾ, അലവൻസുകൾ, സ്ററാററ്യൂട്ടറി അല്ലാത്ത പെൻഷനുകൾ, സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾ പ്രകാരമമുള്ള ആനുകൂല്യങ്ങൾ മുതലായവ ഉൾപ്പെടെ സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായത്തെപ്പററിയുള്ള വിവരങ്ങൾ റവന്യൂ കാർഡ് രജിസ്റററിലും റവന്യൂ കാർഡിലും തഹസീൽദാർ ചേർക്കേണ്ടതാണ് .

10. <u>സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.</u>—റവന്യൂ കാർഡ് രജിസ്റററിലുള്ള ഉൾക്കുറിപ്പുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്കുള്ള അപേക്ഷ തഹസീൽദാർക്ക് സമർപ്പിക്കാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള ഫീസ് ഈടാക്കിക്കൊണ്ടും തഹസീൽദാർ അപ്രകാരമുള്ള കോപ്പികൾ നൽകാവുന്നതുമാണ്.

11. റവന്യൂ കാർഡുകളിലെ ഉൾക്കുറിപ്പുകളുടെ മാററം വരുത്തൽ.— (1) ഏതെങ്കിലും വ്യക്തിയുടെ മരണംമൂലമോ അല്ലെങ്കിൽ ഭൂമിയിൻ മേലുള്ള അവകാശമാററം മൂലമോ അല്ലെങ്കിൽ സാഹചര്യങ്ങളിൽ പിന്നീട് വന്ന മററേതെങ്കിലും മാററങ്ങൾ കാരണത്താലോ 4-ാം വകുപ്പ് പ്രകാരം നൽകിക്കഴിഞ്ഞ റവന്യൂ കാർഡിലെ ഏതെങ്കിലും ഉൾക്കുറിപ്പ് സംബന്ധിച്ച് എന്തെങ്കിലും മാററം ആവശ്യമാണെന്ന് അതിൽ പേരുള്ള ഏതെങ്കിലും വ്യക്തി അവകാശപ്പെടുന്നപക്ഷം, അയാൾ റവന്യൂ കാർഡിലെ ബന്ധപ്പെട്ട ഉൾക്കുറിപ്പുകളിൽ മാററം വരുത്താൻവേണ്ടി തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷയിൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള അങ്ങനെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതും തെളിവിലേക്കായി രേഖകളും മററ് ആധാര രേഖകളും ഒപ്പം സമർപ്പിക്കേണ്ടതുമാണ്.

(3) (എ) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരപേക്ഷയിൻമേൽ ഒരുത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് , നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നടപടിക്രമം തഹസീൽദാർ അനുവർത്തിക്കേണ്ടതും കൂടാതെ ബന്ധപ്പെട്ട ആൾക്കാർക്ക് പറയാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരവസരം നൽകേണ്ടതുമാണ്. അപേക്ഷിച്ച പ്രകാരമുള്ള മാററം വരുത്തൽ ആവശ്യമാണെന്ന് തഹസീൽദാർക്ക് തോന്നുന്നപക്ഷം, അതിൻപ്രകാരം ഒരുത്തരവ് അദ്ദേഹം പാസാക്കേണ്ടതും റവന്യൂ കാർഡുകളിൽ ആവശ്യമായ മാററങ്ങൾ വരുത്തേണ്ടതുമാണ്.

(ബി) മാററങ്ങൾ ആവശ്യമില്ലെന്ന് തഹസീൽദാർക്ക് തോന്നുകയാണെങ്കിൽ, നിരസിക്കപ്പെടുവാനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയശേഷം, അപേക്ഷ നിരസിക്കേണ്ടതാണ്.

(സി) ഈ ഉപവകുപ്പിലെ (എ) ഖണ്ഡപ്രകാരമോ (ബി) ഖണ്ഡപ്രകാരമോ ഉള്ള ഒരുത്തരവിൽ ആ ഉത്തരവിനുള്ള കാരണങ്ങൾ ഉണ്ടായിരിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും നിർണ്ണയിക്കപ്പെടാവുന്ന കാലയളവിനുള്ളിലും ബന്ധപ്പെട്ട കക്ഷികളെ അറിയിക്കേണ്ടതുമാണ്.

(ഡി) ഓരോ റവന്യൂ കാർഡിലും ഉൾപ്പെട്ടിട്ടുള്ള ഓരോ അംഗത്തിന്റേയും വാർഷിക വരുമാനവും കുടുംബത്തിന്റെ വാർഷിക വരുമാനവും സംബന്ധിച്ച ഉൾക്കുറിപ്പുകൾ വർഷം തോറും പുതുക്കേണ്ടതാണ്.

12. വിവരം നൽകേണ്ട വ്യക്തികൾ.—(1) ഈ ആക്ററിൻകീഴിൽ റവന്യൂ കാർഡുകളിൽ ഏതൊരാളിന്റെയാണോ അവകാശങ്ങളോ വിവരങ്ങളോ ചേർക്കേണ്ടത് ആ ആൾ, റവന്യൂ കാർഡുകളിലുള്ള ഉൾക്കുറിപ്പുകൾ തയ്യാറാക്കുന്നതിലോ അല്ലെങ്കിൽ മാററം വരുത്തുന്നതിലോ ഏർപ്പെട്ടിരിക്കുന്ന തഹസീൽദാർ ആവശ്യപ്പെട്ടാൽ അപ്രകാരമുള്ള ആവശ്യപ്പെടലിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിലോ അല്ലെങ്കിൽ തഹസീൽദാർ അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് നീട്ടിക്കൊടുക്കുന്ന സമയത്തിനുള്ളിലോ പരിശോധനയ്ക്കായി പ്രസക്ത വിവരങ്ങളും രേഖകളും നൽകാനോ ഹാജരാക്കാനോ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. അങ്ങനെ നൽകുകയോ ഹാജരാക്കുകയോ ചെയ്യുന്ന എല്ലാ വിവരങ്ങളും അയാളുടെ അറിവിലോ കൈവശത്തിലോ അധികാരത്തിലോ ഉള്ളതായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് ഏതെങ്കിലും വിവരം നൽകുകയോ, രേഖ ഹാജരാക്കുകയോ ചെയ്യുന്നിടത്ത് തഹസീൽദാരോ ഇതിലേക്കായി അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അത് നൽകുകയോ ഹാജരാക്കുകയോ ചെയ്യുന്നയാൾക്ക് ഒരു കൈപ്പററ് രസീത് നൽകേണ്ടതും അത്തരത്തിലുള്ള രേഖയിൽ, അത് ഹാജരാക്കിയതായ കാര്യവും ഹാജരാക്കിയ തീയതിയും കാണിച്ചുകൊണ്ട് ഒരു കുറിപ്പെഴുതി ഒപ്പിടേണ്ടതുമാണ്.

13. അപ്പീൽ.—(1) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥക്ക് കീഴിൽ ഉള്ള തഹസീൽദാരുടെ ഒരുത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരിക്കും അപ്പീൽ ബോധിപ്പിക്കാവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലുള്ള അങ്ങനെയുള്ള അപ്പീലിൻമേൽ അങ്ങനെയുള്ള അധികാരിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

14. <u>വിവരം നൽകുന്നതിൽ വീഴ്ച വരുത്തുന്നതിനുള്ള പിഴ</u>.—4-ാം വകുപ്പിൻകീഴിലോ അല്ലെങ്കിൽ 12-ാം വകുപ്പിൻകീഴിലോ ആ വകുപ്പുകളിൻകീഴിലുള്ള നോട്ടീസിലോ ആവശ്യപ്പെടലിലോ പറഞ്ഞിട്ടുള്ള സമയത്തിനകത്തോ, അല്ലെങ്കിൽ ആ വകുപ്പുകൾക്ക് കീഴിൽ തഹസീൽദാർ അനുവദിക്കുന്ന നീട്ടിക്കൊടുത്ത സമയത്തിനകത്തോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിലോ ബോധപൂർവ്വം വീഴ്ച വരുത്തുന്ന ഏതൊരാളേയും അഞ്ഞൂറ് രൂപ വരെ ആകാവുന്ന പിഴശിക്ഷ നൽകി ശിക്ഷിക്കേണ്ടതാണ്.

15. <u>കളവായ വിവരം നൽകിയാലുള്ള പിഴ</u>.—ഈ ആക്ററു പ്രകാരം ഏതെങ്കിലും വിവരം നല്കേണ്ടതായിട്ടുള്ള ആൾ അങ്ങനെയുള്ള വിവരം കളവാണെന്ന് അയാൾ അറിയുന്നതോ അല്ലെങ്കിൽ കളവാണെന്ന് വിശ്വസിക്കാൻ കാരണമുള്ളതോ ആയ ഏതെങ്കിലും വിവരം നൽകുകയാണെങ്കിൽ, അയാളെ മൂന്നുമാസം വരെ ആകാവുന്ന തടവുശിക്ഷയോ അല്ലെങ്കിൽ മൂവായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കേണ്ടതാണ്.

16. <u>കുററങ്ങൾ വിചാരണയ്ക്കെടുക്കൽ</u>.—സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എഴുതി സമർപ്പിച്ച ഒരു പരാതിയിൻമേലല്ലാതെ ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടേണ്ട ഏതെങ്കിലും കുററം യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

17. <u>ഉത്തമവിശ്വാസപൂർവ്വം സ്വീകരിച്ച നടപടികൾക്ക് സംരക്ഷണം</u>.—ഈ ആക്ററിന്റെയോ ഇതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെയോ കീഴിൽ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ എതിരെ യാതൊരു വ്യവഹാരമോ മററു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

18. <u>ഒഴിവാക്കൽ</u>.—കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിന്റെയോ ഉടമസ്ഥതയിൽ ഉള്ള ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് ഈ ആക്ററിൽ അടങ്ങിയിട്ടുള്ള യാതൊന്നും ബാധകമാകുന്നതല്ല.

19. <u>സർക്കാർ വകുപ്പുകൾ മുതലായവ നൽകുന്ന വിവിധ സർട്ടിഫിക്കററുകൾക്ക് പകരമായി റവന്യൂ കാർഡ് സ്വീകരിക്കാമെന്ന് നിർദ്ദേശിക്കാൻ സംസ്ഥാന സർക്കാരിനുള്ള അധികാരം</u>.—(1) ഈ ആക്ററിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാന സർക്കാരിന് , ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്ററിൻകീഴിൽ നൽകുന്ന റവന്യൂ കാർഡിലെ ഉൾക്കുറിപ്പുകൾ, അപ്രകാരമുള്ള കാർഡുടമയ്ക്ക് അതിൽ പറയുന്ന സർക്കാർ വകുപ്പുകളും തദ്ദേശ അധികാരസ്ഥാനങ്ങളും മററു ഗവൺമെൻറ് സ്ഥാപനങ്ങളും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്കു പകരം ഒരു ആധികാരിക രേഖയായി ഉപയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചാൽ ബന്ധപ്പെട്ട സർക്കാർ വകുപ്പിന്റെയോ, ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെയോ ഉദ്യോഗസ്ഥർ അങ്ങനെയുള്ള വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരം കാർഡിലെ ഉൾക്കുറിപ്പുകളെ ഒരു ആധികാരിക രേഖയായി സ്വീകരിക്കേണ്ടതാണ്.

(3) റവന്യൂ കാർഡിലെ ഉൾക്കുറിപ്പുകളുടെ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതൊരു സർട്ടിഫിക്കററിനും പകരമുള്ള രേഖയായി പരിഗണിക്കേണ്ടതാണ് .

20. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, ഇനിപ്പറയുന്ന ഏതെങ്കിലും അല്ലെങ്കിൽ എല്ലാ കാര്യങ്ങൾക്കും അങ്ങനെയുള്ള ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ തഹസീൽദാർ നോട്ടീസ് ഏത് സ്ഥലത്തും രീതിയിലും പ്രസിദ്ധപ്പെടുത്തണമെന്നും നോട്ടീസിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങളും;

(ബി) റവന്യൂ കാർഡ് നൽകുന്നതിനുവേണ്ടിയുള്ള അന്വേഷണം സംബന്ധിച്ച് തഹസീൽദാർ അനുവർത്തിക്കേണ്ട നടപടിക്രമം;

(സി) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിലുള്ള അപേക്ഷ ഏത് ഫാറത്തിലും രീതിയിലും ഏത് സമയത്തിനകത്തും നൽകണമെന്നും ആ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ട പ്രഖ്യാപനവും വിവരങ്ങളും സംബന്ധിച്ച്;

(ഡി) വവന്യൂ കാർഡിന്റെ ഫാറവും മററു വിവരങ്ങളും, അതിന്റെ വലിപ്പം, റവന്യൂ കാർഡിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങൾ;

(ഇ) ഡ്യൂപ്ലിക്കേററ് റവന്യൂ കാർഡിനുവേണ്ടിയുള്ള അപേക്ഷയുടെ ഫാറവും അതിനു നൽകേണ്ട ഫീസും സംബന്ധിച്ച്;

(എഫ്) 4-ാം വകുപ്പിൻകീഴിൽ തഹസീൽദാർ പുതിയ റവന്യൂ കാർഡ് ഏത് സമയത്തിനകത്ത് നൽകേണ്ടതാണെന്നും അതിന് വസൂലാക്കേണ്ടുന്ന ഫീസും സംബന്ധിച്ച്;

(ജി) 5-ാം വകുപ്പിൻകീഴിൽ തഹസീൽദാർ റവന്യൂ കാർഡ് രജിസ്ററിലെ ഉൾക്കുറിപ്പുകളുടെ ഡ്യൂപ്ലിക്കേററ് പകർപ്പുകൾ നൽകേണ്ട രീതിയും അതിനു നൽകേണ്ട ഫീസിനെയും സംബന്ധിച്ച്;

(എച്ച്) റവന്യൂ കാർഡിലെ ഉൾക്കുറിപ്പുകൾക്ക് ഭേദഗതി വരുത്തുന്നതിനുവേണ്ടി 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിലുള്ള അപേക്ഷയിൽ ഉണ്ടായിരിക്കേണ്ട വിവരങ്ങൾ സംബന്ധിച്ച്;

(ഐ) 11-ാം വകുപ്പ് (3)-ാം ഉപവകപ്പിൻകീഴിൽ തഹസീൽദാരുടെ ഉത്തരവ് ഏത് രീതിയിലും ഏത് സമയത്തിനകത്തും അപേക്ഷകനെയോ അവകാശിയെയോ അറിയിക്കേണ്ടതാണെന്ന്;

(ജെ) തഹസീൽദാരുടെ ഉത്തരവ് ഏത് രീതിയിൽ കക്ഷികളെ അറിയിക്കേണ്ടതാണെന്ന് ;

(കെ) തഹസീൽദാരുടെ ഉത്തരവിൻമേൽ 13-ാം വകുപ്പിൻ കീഴിൽ ഏത് അധികാരസ്ഥന് അപ്പീൽ ബോധിപ്പിക്കാവുന്നതാണെന്നും അങ്ങനെയുള്ള അപ്പീൽ ഏത് സമയത്തിനകത്ത് ബോധിപ്പിക്കണമെന്നും;

(എൽ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെട്ടതോ ആയ മറേറതെങ്കിലും സംഗതികൾ.

(3) ഈ ആക്ററുപ്രകാരമുണ്ടാക്കിയ ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക്—അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം—വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും മാററം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരിമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ മാററം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ, ആകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും മാററംവരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ് .

21. <u>വൈഷമ്യം നീക്കാനുള്ള അധികാരം.</u>— ഈ ആക്ററിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം, സന്ദർഭം ആവശ്യപ്പെടുന്നതുപോലെ, ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്കു തോന്നുന്ന, ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഏതൊരു കാര്യവും ചെയ്യാവുന്നതാണ്.

**22.** <u>മററു നിയമങ്ങൾ ഒഴിവാക്കൽ</u>.— ഈ ആക്ററിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെയുള്ള ഈ ആക്ററിലെ വ്യവസ്ഥകൾ, ഈ ആക്ററിൽ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും സംഗതികൾക്ക് വ്യവസ്ഥ ചെയ്തുകൊണ്ടുള്ള തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിന് പുറമേയും ഭംഗംവരാത്ത തരത്തിലുമായിരിക്കുന്നതുമാണ്.